**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **31-01-2024 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-ആളിയാർ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് 2023-24 വർഷത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 2023-24 ജലവർഷത്തിൽ കേരളത്തിന് ആവശ്യമായ ജലം പി.എ.പിയിൽ നിന്ന് ലഭ്യമാക്കുന്നതിനായി നടപ്പ് ജലവർഷത്തിന്റെ തുടക്കം മുതൽ തന്നെ ഇറിഗേഷൻ വകുപ്പ് തമിഴ്നാടിന്റെ കോയമ്പത്തൂർ റീജിയൺ ചീഫ് എഞ്ചിനീയർക്ക് നിരവധി കത്തുകൾ നൽകിയിരുന്നു. കൂടാതെ ഇക്കാര്യത്തിൽ, സർക്കാർതലത്തിലും ഇടപെടലുകൾ നടത്തിയിരുന്നു.<br><br>19.10.2023 തീയതിയിൽ നടന്ന സംയുക്ത ജലക്രമീകരണ ബോർഡ് (JWRB) യോഗത്തിൽ കേരളം, ചിറ്റൂർ പ്രദേശത്തെ കൃഷി ആവശ്യത്തിനും കുടിവെള്ള ആവശ്യത്തിനുമായി ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ കേരളം ആവശ്യപ്പെട്ട ജലം, നിലവിലെ വരൾച്ച സാഹചര്യം കണക്കിലെടുത്ത് ലഭ്യമാക്കാനാകില്ല എന്നും ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് മഴ ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിന് ആവശ്യപ്പെട്ട തോതിലുള്ള ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് പ്രസ്തുത യോഗത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ കേരളം തമിഴ്നാടിന്റെ ഈ സമീപനത്തോട് വിയോജിക്കുകയും പറമ്പിക്കുളം ജലസംഭരണിയിൽ നിന്നും ആവശ്യമെങ്കിൽ ജലം ആളിയാർ ഡാമിൽ എത്തിച്ച് കേരളത്തിന് മണക്കടവിൽ ലഭ്യമാക്കണമെന്ന് ആവർത്തിച്ച് അഭ്യർത്ഥിക്കുകയുമുണ്ടായി. തുടർന്ന് തമിഴ്നാട് അനുകൂല സമീപനം സ്വീകരിക്കാത്തത് കൊണ്ട് ഇരു സംസ്ഥാനങ്ങളിലെയും സർക്കാരിനെ പ്രസ്തുത തീരുമാനം അറിയിച്ച് തുടർനടപടി കൈക്കൊള്ളാൻ യോഗം തീരുമാനിക്കുകയുണ്ടായി.<br><br>ഇത് പ്രകാരം ജലവിഭവവകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ തമിഴ്നാട് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തിയിരുന്നുവെങ്കിലും |

| | | | |
|---|---|---|---|
| | | | നിലവിലെ വരൾച്ച സാഹചര്യം കണക്കിലെടുത്ത് ആവശ്യപ്പെട്ട തോതിലുള്ള ജലം ലഭ്യമാക്കാനാകില്ല എന്നും വൃഷ്ടി പ്രദേശത്തെ മഴ ലഭ്യതയ്ക്ക് അനുസരിച്ച് കേരളത്തിന് ജലം ലഭ്യമാക്കാം എന്നുമുള്ള നിലപാടാണ് തമിഴ്നാട് ആവർത്തിച്ച് സ്വീകരിച്ചു വരുന്നത്.<br><br>എന്നാൽ കേരളം ഈ നിർദ്ദേശത്തോട് വിയോജിക്കുകയും കേരളത്തിന് കരാർ പ്രകാരം ലഭ്യമാക്കേണ്ട ജലം മണക്കടവിൽ ആളിയാർ, അപ്പർ ആളിയാർ, കാടമ്പാറ സംഭരണികളിൽ നിലവിലുള്ള ജലം ഉപയോഗിച്ച് ലഭ്യമാക്കണമെന്നും കൂടാതെ ആവശ്യമെങ്കിൽ പറമ്പിക്കുളം ഡാമിൽ നിന്നും വെള്ളം എത്തിച്ച് കരാർ വ്യവസ്ഥ പാലിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. നിലവിൽ കേരളം ആവശ്യപ്പെട്ട തോതിലുള്ള ജലം തമിഴ്നാട് ലഭ്യമാക്കുന്നില്ല.<br><br>കേരളത്തിന്റെ നിരന്തരമായ അഭ്യർത്ഥന തമിഴ്നാട് മാനിക്കാത്ത സാഹചര്യത്തിൽ കേരളത്തിന് കരാർ ലഭ്യമാക്കുന്നതിനു വേണ്ടി തമിഴ്നാടിന് എതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനായി നിയമവിദഗ്ധരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ ഉപദേശപ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ബി) | എത്ര ടി.എം.സി. വെള്ളമാണ് സംസ്ഥാനത്തിന് ഇക്കഴിഞ്ഞ വർഷം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) | പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം ചിറ്റൂർ പ്രദേശത്തെ കൃഷിക്കായി ഒരു ജലവർഷത്തിൽ 7250 എം.സി.എഫ്.ടി ജലം കേരളത്തിന് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ജലം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ആണ് അളന്നു നൽകേണ്ടത്. കഴിഞ്ഞ ജലവർഷത്തിൽ (2022-23) മണക്കടവിൽ ലഭ്യമായ (Realized quantity) ജലം 14471 എം.സി.എഫ്.ടിയും, അംഗീകരിച്ചത് (Accepted quantity) 7686 എം.സി.എഫ്.ടി ജലവുമാണ്. കൂടാതെ നീരാറിൽ നിന്നും 839 എം.സി.എഫ്.ടി ജലവും ലഭ്യമായിട്ടുണ്ട്. ഈ കണക്കുകൾ 107-ാമത് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br><br>നടപ്പ് (2023-24) ജലവർഷത്തിൽ ജനുവരി ഒന്നാം ദ്വൈവാരം വരെ മണക്കടവിൽ ലഭ്യമായത് 3363 എം.സി.എഫ്.ടി ജലമാണ്. ഇതേ കാലയളവിൽ കരാർ പ്രകാരം കേരളത്തിന് ലഭ്യമാകേണ്ടിയിരുന്ന ജലം 5200 എം.സി.എഫ്.ടി ആണ്. 24/01/2024 തീയതി വരെ കേരളത്തിന് ലഭ്യമായ ജലം 3495 |

| | | | |
|---|---|---|---|
| | | | എം.സി.എഫ്.ടി ആണ്. ഈ കണക്കുകൾ സംയുക്ത ജലക്രമീകരണ ബോർഡ് ആണ് അംഗീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ